കുടിവെള്ളത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

89 (981) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിന് ഇപ്പോഴുള്ള മാനദണ്ഡം എന്താണ് ; ഇത് മാറ്റണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന സമ്പ്രദായം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടിവെള്ളത്തിന്റെ ഉപയോഗത്തിന്റെ അളവ് കണക്കാക്കുന്ന വാട്ടർ മീറ്ററുകൾ ഓരോ വാട്ടർ കണക്ഷനിലും ഘടിപ്പിക്കാറുണ്ട്. ഇത്തരം മീറ്ററുകൾ കാണിക്കുന്ന റീഡിംഗ് അനുസരിച്ചുള്ള അളവിലാണ് നിരക്ക് നിശ്ചയിക്കുന്നത്. ഈ മീറ്ററുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ ഇവ കേടാകുന്നതിനു മുമ്പുള്ള അളവിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് നിശ്ചയിക്കുന്നത്. ഈ സമ്പ്രദായം മാറ്റുന്നതിനുള്ള നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചില പഠനങ്ങൾ ഇക്കാര്യത്തിൽ നടക്കുന്നുണ്ട്.

(ബി) വിഷയം പഠിക്കുന്നതേയുള്ളൂ. വിശദാംശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

വെള്ളക്കരം നിർണ്ണയിക്കുന്ന പുതിയ രീതിയും ന്യൂനതകളും

90 (982) ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളക്കരം നിർണ്ണയിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള രീതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത രീതിയ്ക്ക് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ ;

(സി) വാട്ടർ മീറ്റർ സ്ഥാപിച്ചിട്ടുള്ള വീടിന്റെ വലിപ്പവും സൗകര്യങ്ങളും കണക്കാക്കി വെള്ളക്കരം നിർണ്ണയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഈ രീതി ശാസ്ത്രീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) കുടിവെള്ളം ദുർവിനിയോഗം ചെയ്യുവാൻ പ്രസ്തുത മാറ്റം ഇടയാക്കുമോ ;

(എഫ്) ഈ പരിഷ്ക്കാരം കൊണ്ട് ഉണ്ടാകാവുന്ന ന്യൂനതകൾ പരിഹരിക്കാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly